LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മറുപടിയിൽത്തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, കോന്നുരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ടിവരുന്ന 178 കുടുംബങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് കൃത്യമായ വിവരങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനും അവരുടെ വാടകയുടെ ചെലവ് വഹിക്കുന്നതിനും കൊച്ചി കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ ധാരണയോടുകൂടിത്തന്നെ അവരെ ഒഴിപ്പിക്കുകയും പ്രത്യേക സൗകര്യമുണ്ടാകുന്നതുവരെ വാടകയ്ക്ക് താമസിപ്പിച്ച് വാടക കൊച്ചി കോർപ്പറേഷൻ നൽകുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകും.

[11.00 a.m.]

V സബ്മിഷൻ

(1) JNTBGRI ഉപകേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2019 ജനുവരി 12-ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കുഴൂർ പഞ്ചായത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ച ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI)-ന്റെ ഗവേഷണ ഉപകേന്ദ്രം തുടക്കത്തിൽ വിവിധയിനം തഴകൈത ചെടിയുടെ ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ JNTBGRI ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവം കാരണം അതിന് ഫണ്ട് വകയിരുത്തുന്നതിനോ ഗവേഷണ പ്രവർത്തനം തുടരുന്നതിനോ സാധിച്ചിട്ടില്ല. ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികൾ പുറത്തിറക്കുന്നതിനാവശ്യമായ മിസ്റ്റ് ഹൗസ് നിർമ്മിക്കാത്തതു കാരണം വിപുലമായ തോതിൽ ചെടികളുടെ ഉൽപ്പാദനം നടക്കുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾക്കും മറ്റ് ആഭ്യന്തര ഉപയോഗത്തിനും ആവശ്യകതകളേറെയുള്ള ചെടികൾക്ക് ഓർഡർ ലഭിക്കുന്നുണ്ടെങ്കിലും വിപുലമായ തോതിൽ ഉൽപ്പാദനം നടക്കാത്തതുമൂലം ലബോറട്ടറി ഉപയോഗമില്ലാതെ സ്ഥാപനം നശിച്ചുപോകുന്ന സ്ഥിതിയിലാണ്. കഴിഞ്ഞ അഞ്ചുമാസമായി ജീവനക്കാർക്ക് ശമ്പളവും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ശ്രീ. വി. ആർ. സുനിൽ കുമാർ എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. പരമ്പരാഗത കൈത വ്യവസായത്തെ

LIBRARY ARCHIVES Kerala Legislative Assembly

പരിപോഷിപ്പിക്കുന്നതിനാണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൊടുങ്ങല്ലൂർ ഉപകേന്ദ്രം ആരംഭിച്ചത്. കൈതച്ചെടികളുടെ വൻതോതിലുള്ള ഉൽപ്പാദനവും ഹരിത വ്യവസായത്തിനാവശ്യമായ കാർഷിക വിളകളും അലങ്കാര ചെടികളുടെ ഉൽപ്പാദനവുമാണ് ഇതുവഴി ലക്ഷ്യമിട്ടത്. ഇതിനായി സ്ഥാപിച്ച പ്ലാന്റിന്റെ ടിഷ്യൂകൾച്ചർ ലബോറട്ടറിയിൽ വാഴ, കൈത, അലങ്കാര സസ്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. എന്നാൽ ഉൽപ്പാദനവും വിപണനവും വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിലെ പ്രതികൂല സാഹചര്യങ്ങൾ മാറുന്ന മുറയ്ക്ക് ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

(2) ഭവന വായ്പാ കുടിശ്ശിക

ശ്രീമതി യു. പ്രതിഭ: സർ, കായംകുളം നഗരസഭ 1998-99, 1999-2000, 2000-2001 വർഷങ്ങളിലായി NSDP (National Slum Development Programme) പദ്ധതി പ്രകാരം 640 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി 23,700 രൂപ വീതം KURDFC (Kerala Urban & Rural Development Finance Corporation Limited)-ൽ നിന്നും CDS (Community Development Society) കരാർ പ്രകാരം 96 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. ഈ തുക ഗുണഭോക്താക്കൾ 143 രൂപ വീതം 150 ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതായിരുന്നു. നാളിതുവരെ 1,41,19,000 രൂപ KURDFC-ക്ക് നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. ഇനിയും 92,25,244 രൂപ അടയ്ക്കാനുണ്ടെന്ന് KURDFC നഗരസഭയെ അറിയിച്ചിരിക്കുകയാണ്. വളരെ ദരിദ്രരായ ആളുകളാണ് ഈ വായ്പയുടെ ഗുണഭോക്താക്കളായുള്ളത്. പിന്നീട് വന്നിട്ടുള്ള എല്ലാ ഭവന പദ്ധതികളിലും തുകയൊന്നും തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടില്ല. ഇനി അടയ്ക്കാനുള്ള തുകയിൽ 29,06,295 രൂപ മുതലും 52,65,821 രൂപ പലിശയും 10,53,164 രൂപ പിഴപലിശയുമാണ്. 204 ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കാനുണ്ട്. അവർക്ക് പലിശയും പിഴ പലിശയുമുൾപ്പെടെയുള്ള തുകയടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ല. ആയതിനാൽ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഗുണഭോക്താക്കൾ ഈടായി നൽകിയിരിക്കുന്ന ആധാരങ്ങൾ തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നഗരങ്ങളിലെ ചേരിനിവാസികളുടെ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് 1996-ൽ നടപ്പാക്കിയ പദ്ധതിയാണ് ദേശീയ ചേരി വികസന